Talented Bankers Literary Panel
പുസ്തകപരിചയം 155

പരിചയപ്പെടുത്തുന്നത് -
ജയലക്ഷ്മി
ബാങ്ക് ഓഫ് ബറോഡ
പന്തളം ശാഖ.

മിഠായിപ്പൊതി (ബാല സാഹിത്യം)
സുമംഗല

മലയാള ബാലസാഹിത്യത്തിലെ ക്ലാസിക് രചനയാണ് ശ്രീമതി സുമംഗലയുടെ മിഠായിപ്പൊതി.

ഒരുപാട് കാലമായ് വായിക്കണം എന്നു കരുതിയെങ്കിലും അന്വേഷിച്ച ഇടങ്ങളിൽ ഒന്നും കിട്ടിയില്ല. കഴിഞ്ഞ വർഷം പത്തനംതിട്ട H & C ബുക് ഷോപ്പിൽ നിന്നാണ് ഇത് ലഭിച്ചത്.
ഈ പുസ്തകത്തെ കുറിച്ചുള്ള എന്റെ ധാരണ കുട്ടികൾക്കു വേണ്ടി മാത്രം ഉള്ള കുരങ്ങന്മാരും പൂച്ചകളും ഒക്കെ കഥാപാത്രങ്ങൾ ആയ ഒരു കുഞ്ഞു പുസ്തകം എന്നായിരുന്നു. എന്റെ മകളെ കരുതിയാണ് വാങ്ങിയതും. എന്നാൽ വിരുന്നുകാരൻ എന്ന ആദ്യത്തെ കഥ തന്നെ എന്റെ ധാരണകളെ തിരുത്തി. വളരെ ഗഹനമായ ചിന്തകൾ ഓരോ കുഞ്ഞു കഥയിലും ഈ സുമംഗല 'അമ്മ ഒളിപ്പിച്ച് വെച്ചിരിക്കുന്നു.

ഇരുപത്തിയൊമ്പത് കഥകൾ ആണ് ഇതിൽ ഉള്ളത്. പനിനീർപ്പൂവ് എന്ന കഥ വീട്ടുമുറ്റത്തെ ചെടിയിൽ ആദ്യമായി ഉണ്ടായ പൂവിനെ കുറിച്ചാണ്. വളരെ സന്തോഷവതി ആയി വിരിഞ്ഞു വരുന്ന പൂവിനു ഈ ലോകം എത്ര സുന്ദരം എന്നാണ് തോന്നുന്നത്. ഇത് കാണുന്ന ചെമ്പരത്തിപ്പൂ പറയുന്നുണ്ട് കുറച്ചു കൂടി കഴിയുമ്പോൾ നിന്നെ സൂര്യൻ വാട്ടി പൊരിക്കുമെന്ന്. ആ സമയത്തു ഒരു കുട്ടി പൂവിനെ പറിക്കാൻ ശ്രമിക്കുന്നെങ്കിലും മുള്ള് അവളെ അതിൽ നിന്ന് രക്ഷിക്കുന്നു. എന്നാൽ വൈകുന്നേരം ആകുമ്പോൾ വീട്ടിലെ വൃദ്ധ ആയ സ്ത്രീ അവളെ പൂജയ്ക്കായി പറിച്ചു കൊണ്ട് പോകുന്നു. അവിടെ നിന്നും ഒരു യുവതിയുടെ മുടിക്കെട്ടിൽ എത്തുന്ന പൂവ് അവിടെ ഇരുന്നു യാത്ര ചെയ്യുന്നു. വേദന നിറഞ്ഞതാണെങ്കിലും ഈ ലോകം മഹത്താണെന്ന് അവൾ കരുതുന്നു. തലമുടിയിൽ നിന്നു താഴെ വീഴുന്ന അവളെ ആരോ ചവിട്ടി അരച്ചു കളയുന്നു. ഈ കഥയിലെ പൂവിനെ വേണമെങ്കിൽ ഒരു നിഷ്കളങ്ക ആയ പെൺകുട്ടിയുമായി ഉപമിക്കാം എന്നു തോന്നുന്നു.

അതേ പോലെ " നീലിമയുടെ കഥ" . നീലിമ ഒരു സുന്ദരി ആയ ജാപ്പനീസ് പാവക്കുട്ടി ആണ്. അവളെ ജയന്തി എന്ന കുട്ടി വാങ്ങുന്നു. ജയന്തി അവളെ പൊന്നു പോലെ കൊണ്ട് നടന്നെങ്കിലും ഒരു പുതിയ പാവയെ കിട്ടുമ്പോൾ

ജയന്തി അവളെ ഉപേക്ഷിക്കുന്നു. അതിനുശേഷം അവൾ രഞ്ജനയുടെ വീട്ടിലെത്തുന്നു. അവിടെ അവൾ എല്ലാവരുടെയും ഓമന ആകുന്നു. എന്നാൽ രഞ്ജന വളർന്നു വലുതായപ്പോൾ അവൾ നീലിമയെ ഒരു പെട്ടിയിൽ സൂക്ഷിച്ചു വെയ്ക്കുന്നു. വർഷങ്ങൾക്കുശേഷം രഞ്ജനയുടെ മകൾ നീലിമയെ വീണ്ടെടുക്കുന്നിടത്ത് കഥ അവസാനിക്കുന്നു. നീലിമയുടെ മനോവ്യാപാരങ്ങൾ വളരെ മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു ഈ കഥയിൽ.

ഇതിലെ എല്ലാ കഥകളും നമ്മളെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്. ഇത് കുട്ടികൾക്ക് മാത്രമല്ല മുതിർന്നവർക്കും വായിക്കാൻ പറ്റിയ പുസ്തകമാണ്. ഡിസിയുടെ മാമ്പഴം ആണ് പ്രസാധകർ വില 350 രൂപ.

സുമംഗല (തൂലികാ നാമം).
ശ്രീമതി ലീല നമ്പൂതിരിപ്പാട്. 1934 മേയ് 16 ന് പാലക്കാട് ജില്ലയിൽ വെള്ളിനേഴി ഒളപ്പമണ്ണ മനയ്ക്കൽ ജനിച്ചു. പിതാവ് പണ്ഡിതനും കവിയും ആയിരുന്ന ഒ എം സി നാരായണൻ നമ്പൂതിരിപ്പാട്. ചെറുകഥകൾക്കും നോവലുകൾക്കും പുറമെ കുട്ടികൾക്ക് വേണ്ടി അമ്പതോളം കഥകളും ലഘുനോവലുകളും രചിച്ചു. മിഠായിപ്പൊതിക്ക് 1979 ലെ ബാലസാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമിയുടെ ശ്രീപദ്മനാഭ സ്വാമി അവാർഡ് ലഭിച്ചിട്ടുണ്ട്.
ശ്രീമതി സുമംഗലക്ക്, 2005 ല് മലയാള സാഹിത്യപുരസ്കാരം നല്കി എസ് ബീ ടി ആദരിച്ചിരുന്നു. (അവരുടെ മകന്, ശ്രീ അഷ്ടമൂര്ത്തി, എസ് ബീ ടി യില് 1982 മുതല് ജോലി ചെയ്ത് 2019 ല് എസ് ബി ഐയില് നിന്ന് വിരമിച്ച് ഇപ്പോള് തൃശൂരില് വിശ്രമജീവിതം നയിക്കുന്നു)